# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 954** **29/09/2016-ൽ മറുപടിയ്ക്ക്**

## <u>തീരദേശ റോഡ് നവീകരണ പദ്ധതി</u>

| <u>ചോദ്യം</u><br>ശ്രീ.ബി.സത്യൻ | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇപ്പോൾ തീരദേശ റോഡ് നവീകരണ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വക്കം, ചെറുന്നീയൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകളിലായി വരുന്ന ഏതെല്ലാം റോഡുകൾ പ്രസ്തുത റോഡ് നവീകരണ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | എ) ഉണ്ട്. ഹാർബർ എൻജിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ 2016-17 വർഷത്തിൽ തീരദേശ റോഡ് നവീകരണ പദ്ധതിയിൽ വക്കം, ചെറുന്നിയൂർ, മണമ്പൂർ ഗ്രാമപഞ്ചായത്തുകളിലായി താഴെ പറയുന്ന റോഡുകൾ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള റോഡുകളുടെ ലിസ്റ്റ് സർക്കാർ അംഗീകരിച്ചു നൽകിയിട്ടുണ്ട്.<br>1. വക്കം പഞ്ചായത്തിലെ ഗാന്ധിമുക്ക് കോടമ്പള്ളി റോഡ്<br>2. ചെറുന്നിയൂർ പഞ്ചായത്തിലെ ചെറുന്നിയൂർ - അയന്തിയിൽ-വള്ളൂർ റോഡ്<br>3. മണമ്പൂർ പഞ്ചായത്തിലെ നാട്ടുന്നൂർ ജംഗ്ഷൻ - മാമണ്ണൂർക്കം റോഡ് |
| ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ? | ബി) മേൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും അതിനെ തുടർന്ന് ടെണ്ടർ നടപടികൾ പാലിച്ച് കഴിയുംവേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ആഫീസർ